**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1875** **19-01-2021 - ൽ മറുപടിയ്ക്ക്**

**പുത്തൻകുരിശിൽ മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്ര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | **Shri. A. K. Saseendran**<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | പുത്തൻകുരിശിൽ നിർമ്മിക്കുന്ന മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ടി കേന്ദ്രത്തോടനുബന്ധിച്ച് ആർ.ടി.എ. സബ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | തൃപ്പൂണിത്തുറയിൽ (പുത്തൻ കുരിശ്ശിൽ)കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും ആണ് നിർമ്മിക്കുന്നത്. ഇതിന്റെ ഭാഗമായി രണ്ടു ബിൽഡിംഗുകളുടെ സ്ട്രക്ച്ചറിങ്ങ്, പ്ലംബിംഗ് എന്നിവ പൂർത്തിയായിട്ടുണ്ട്. പെയിന്റിംഗ് ജോലികൾ പൂർത്തിയാകാനുണ്ട്. ടി സ്റ്റേഷനിൽ ടെസ്റ്റിംഗുകൾ നടത്തുന്നതിനായുള്ള ഉപകരണങ്ങൾ ജർമനിയിൽ നിന്നും എത്തിയിട്ടുണ്ട്. ആയതു ഇൻസ്റ്റാൾ ചെയ്യുന്നതിനായി വിദഗ്ധ ടെക്നീഷ്യന്മാർ ജർമനിയിൽ നിന്ന് എത്തേണ്ടതുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിസകൾ അനുവദിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ കാരണം ജർമനിയിൽ നിന്നും ടെക്നീഷ്യന്മാർക്ക് എത്താൻ കഴിഞ്ഞിട്ടില്ല. ടി കേന്ദ്രത്തോടനുബന്ധിച്ചു ആർ.ടി.ഒ സബ് സെന്റർ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ